# അക്കാദമികൾ ആവശ്യമാണോ

**ഡോ. കെ. ഭാസ്കരൻ നായർ**

അക്കാദമികളെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുവാൻ എനിക്ക് അല്പമൊരു സാങ്കേതിക തടസ്സമുണ്ട്. 12 വർഷം ഞാൻ കേരളത്തിലെ ഒരു അക്കാദമിയിൽ അംഗവും, എട്ടുവർഷത്തിലധികം അതിൻെറ സെക്രട്ടറിയും ആയിരുന്നു. ഇവിടത്തെ മറെറാരു അക്കാദമിയിലും അൽപ്പകാലം അംഗമായിരുന്നിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമിയോടും സാമാന്യം ദീർഘമായ ബന്ധമുണ്ടായി. ഇപ്പോൾ ഏതായാലും ആ ബന്ധങ്ങളൊന്നുമില്ല അതുകൊണ്ടുതന്നെയാണ് ഏതാനും ചില സംഗതികൾ പറയാമെന്നു വിചാരിച്ചത്.

അക്കാദമികൾക്ക് ഉന്നതത്തെ ചുററുപാടുകളിൽ സ്ഥാനവും പ്രസക്തിയും ഉണ്ടെന്നുതന്നെയാണ് എൻെറ അഭിപ്രായം. സാഹിത്യത്തിൻെറയും കലകളുടെയും കയ്യിൽ 'ചുമതലക്കാ'രായി ആരെങ്കിലും വേണമല്ലോ. ജനകീയ യുഗത്തിൽ ഇതൊരു ആവശ്യമാണ്. ദൈവനിശ്ചയത്തിൻെറ പേരിലോ തൻനിശ്ചയത്തിൻെറ പേരിലോ പൊതുക്കാര്യങ്ങൾ നടത്തുന്ന കാലമെല്ലാം കഴിഞ്ഞുപോയി. ഇന്ന് ജനഹിതത്തിൻെറ പേരിലാണ് എല്ലാം നടത്തേണ്ടത്. അതിനുവേണ്ടി ജനങ്ങൾ ആളുകളെ തിരഞ്ഞെടുക്കുകയോ, തിരഞ്ഞെടുത്തവർ തിരഞ്ഞെടുക്കുകയോ ചെയ്യുന്നു. ഇവിടെ ചുമതല എന്ന സങ്കൽപത്തിന് ഏററവും അവ്യക്തമായ അർത്ഥം നൽകിയാൽ മതി. ആധികാരിക സ്വഭാവമോ, അത്യുന്നത പദവിയോ ഒന്നും വ്യവച്ഛേദിക്കേണ്ടതില്ല. പൊതുജനങ്ങൾക്കോ, സർക്കാരിനോ, സന്ദർശകർക്കോ, വിദേശീയ സ്ഥാപനങ്ങൾക്കോ, അതതു വിഷയങ്ങളെക്കുറിച്ച് വല്ല കാര്യവും ചോദിച്ചറിയേണ്ടി വരുമ്പോൾ സമീപിക്കാവുന്ന, അംഗീകാരമുള്ള, സംഘടനകളായി അക്കാദമികളെ കരുതിയാൽ മതി. അങ്ങനെ കരുതാതെ, പ്രസ്തുത സംഘടനകളിൽ കയറിക്കൂടുന്നത് അസൂയാർഹമായ ഏതോ സ്ഥാനലബ്ധിയോ, ആദായമാർഗമോ, അവരോധക്രിയയോ ആണെന്നു വിചാരിക്കുമ്പോഴാണ് പരിഭവത്തിനും വിരോധത്തിനും അസൂയയ്ക്കും വിദ്വേഷത്തിനും കലഹത്തിനും മററും പഴുതുണ്ടാകുന്നത്.

ലോകത്തിൽ ഒരു അക്കാദമിയും ഇന്നുവരെ സാഹിത്യകൃതികളോ കലാസൃഷ്ടികളോ നിർമ്മിച്ചിട്ടില്ല. അക്കാദമികളെക്കൊണ്ട് അക്കാര്യം സാധിക്കുമെന്ന് വിവരമുള്ളവരാരും വ്യാമോഹിച്ചിട്ടുമില്ല. ഇന്നും, ഈ കംപ്യൂട്ടർ യുഗത്തിലും, ജന്മസിദ്ധമോ കർമ്മസിദ്ധമോ ആയ ആ വൈഭവം വ്യക്തിനിഷ്ഠമായിത്തന്നെ നില്ക്കുന്നു. ലോകപ്രസിദ്ധമായ ഫ്രെഞ്ച് അക്കാദമികൾക്കുപോലും പിക്കാസ്സോയുടെയോ പ്രൂസ്റ്റിൻെറയോ വൈഭവം കൈവന്നിട്ടില്ല. ശാസ്ത്ര അക്കാദമികൾ ചില രാജ്യത്തും ആളുകളെ നിയമിച്ചും ഗ്രാൻറുകൊടുത്തും ഗവേഷണം നടത്തിക്കാറുണ്ട്. സാഹിത്യാദികലക

## അക്കാദമികളെപ്പററി

ളിൽ ഈ വിദ്യ ഫലിക്കുകയില്ല. അഥവാ വല്ല ഫലവും ഉണ്ടായാലും അത് ഇംഗ്ലണ്ടിലെ 'പൊയററ് ലാറിയേററി'ൻെറ ഔദ്യോഗിക കവിതകൾ പോലെയിരിക്കും.

പിന്നെയുള്ളത് അക്കാദമികൾ നൽകുന്ന ധനസഹായത്തിൻെറയും ബഹുമതികളുടെയും സമ്മാനങ്ങളുടെയും കാര്യമാണ്. ഇതിലെങ്ങും എല്ലാവർക്കും സ്വീകാര്യമായ മാനദണ്ഡങ്ങൾ കണ്ടെത്തുവാൻ സാധ്യമല്ല. കലാസൃഷ്ടികളുടെ മഹിമ തൂക്കിനോക്കാവുന്ന വസ്തുവല്ല. കലാകാരന്മാർ സ്വാഭിപ്രായവിദഗ്ധന്മാരുമാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ സാഹിത്യത്തിൻെറയും കലകളുടെയും പ്രോത്സാഹനത്തിനും പരിരക്ഷണത്തിനും നിയുക്തമായ സംഘടനകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ വിമർശനവിഷയമായില്ലെങ്കിലേ അത്ഭുതമുള്ളൂ. അതതു കാലത്ത് പ്രസ്തുത സംഘടനകളുടെ ചുമതല വഹിക്കുന്നവർ തങ്ങളുടെ ഉത്തമ ബോധ്യത്തിനും മാനദണ്ഡങ്ങൾക്കും അനുരൂപമായി പ്രവർത്തിക്കണം എന്നേ നിർബന്ധിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയല്ല പ്രവർത്തിച്ചതെന്ന് ആരും സമ്മതിക്കുകയുമില്ല. കലയുടെ ആദ്യപാഠങ്ങൾപോലും അറിഞ്ഞുകൂടാത്തവന് അവാർഡു കൊടുക്കുമ്പോഴല്ലാതെ ആ നടപടി പാടേ തെററിപ്പോയി എന്ന് സ്ഥാപിക്കുവാനും സാധിക്കുകയില്ല. ഇനിയത്തെ കാലത്ത് അതും നടക്കുമോ എന്നു സംശയിക്കണം. 'ഏതു' എഴുത്തച്ഛൻ? ഏതു കുഞ്ചൻനമ്പ്യാർ– അക്ഷരമാലയുടെയും വ്യാകരണത്തിൻെറയും, അതുപോലെയുള്ള സ്ഥാപിത താൽപര്യങ്ങളുടെയും മസ്തകം പിളർന്നുകൊണ്ട് തൊഴുന്ന അത്യന്താധുനിക കവികളുടെ അടുത്തെത്താനും, നിൽക്കാൻ കഴിയുമോ അവരുടെ കൃതികൾക്ക്?' എന്നു ചോദിക്കുവാൻ ചങ്കുറപ്പുള്ള കവിവരശ്രേഷ്ഠികളുടെ കാലമാണിത്, മററു കലകളിലും ഈ സ്ഥിതിവിശേഷം വന്നിട്ടുണ്ട്. ഇങ്ങനെയുള്ളവരെ അക്കാദമികളിൽ പ്രതിഷ്ഠിച്ചാൽ (അതും അചിരേണ സംഭവിച്ചുകൂടായ്കയില്ല) എന്തായിരിക്കും സംഭവിക്കുക?

ജനങ്ങൾ അർഹിക്കുന്ന ഗവണ്മെൻറുകളാണ് അവർക്കു കിട്ടുന്നത് എന്ന ചൊല്ല് അക്കാദമികളുടെ കാര്യത്തിലും പ്രസക്തമാണ്. 'അർഹിക്കുന്ന' എന്നാണ് പ്രയോഗം. 'അഭിലഷിക്കുന്ന' എന്നല്ല. അഭിലാഷം ഓരോരുത്തർക്കും ഓരോ വിധത്തിൽ കിടക്കും. അത് ആത്മനിഷ്ഠവും അന്യർക്ക് അറിയുവാൻ വിഷമമുള്ളതുമാണ്. പക്ഷെ, അർഹത എന്ന മൂല്യവും മുൻകൂട്ടി നിശ്ചയിക്കാവുന്നതല്ലെന്നാണ് കാണുന്നത്. ഫലംകൊണ്ടു മാത്രമേ അത് നിശ്ചയിക്കാൻ കഴിയൂ. അതാണ് സങ്കടം.

...0....





Digitized by Kerala Sahitya Akademi